I ഇ.ബി. XIII – കേരള നിയമസഭ/II-17

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**ജയിലുകളിലെ മൊബൈൽ ഫോൺ ഉപയോഗം**

മി. സ്പീക്കർ : കേരളത്തിലെ ജയിലുകളിൽ തീവ്രവാദത്തിന്റെ ശാഖകൾ എത്തിയെന്നും രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങൾ ജയിലുകൾക്കുള്ളിൽ നടക്കുന്നുവെന്നും ജയിലിൽനിന്ന് സാറ്റലൈറ്റ്വഴി വിദേശങ്ങളിലേക്ക് ഫോൺവിളിച്ചിരിക്കുന്നു എന്നുമുള്ള വാർത്തകൾ പുറത്തുവന്നതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാജു എബ്രഹാം, കെ. അജിത്, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കഴിഞ്ഞ കുറേ വർഷങ്ങളായി ജയിലുകൾക്കുള്ളിൽനിന്നും തടവുകാർ അനധികൃതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ജയിലധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിശോധന നടത്തുകയും മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, ചാർജ്ജറുകൾ മുതലായവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽനിന്നും 16-06-2010-ൽ രണ്ട് പ്രതികൾ തടവു ചാടിയതായും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായും ഉള്ള വിവരം ലഭിച്ചതനുസരിച്ച് നടത്തിയ പരിശോധനയിലും മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, ചാർജ്ജറുകൾ തുടങ്ങിയ 120-ഓളം വസ്തുക്കൾ പിടിച്ചെടുക്കുകയുണ്ടായി. ഈ വസ്തുക്കൾ പോലീസ് ആസ്ഥാനത്തുള്ള ഹൈടെക് സെൽ പരിശോധിച്ചതിൽനിന്ന് 2010 ഒക്ടോബർ മുതൽ 2011 ഒക്ടോബർ വരെ വിളിച്ച ഇന്റർനാഷണൽ കോളുകളെക്കുറിച്ച് വിശദമായ പരിശോധന നടത്തണമെന്ന അഭിപ്രായമാണ് ജയിൽ അധികൃതർക്കുള്ളത്. ഗവൺമെന്റിന് ഇത് സംബന്ധിച്ച് ഇന്നലെ ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ജയിലുകളിൽ മൊബൈൽ ജാമറുകൾ ഘടിപ്പിച്ചുവെങ്കിലും ഫലപ്രദമായിട്ടില്ല. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് കൂടുതൽ സ്റ്റാഫിനെ നിയോഗിക്കണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. ജയിൽ എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം : മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്ന് ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭ്യമായിരിക്കുന്നത്. ജയിലിൽനിന്ന് പിടിച്ചെടുത്ത മൊബൈൽ ഫോണുകളിൽ 108 എണ്ണം പരിശോധിച്ചപ്പോൾ

ഏറ്റവും കൂടുതൽ ഐ.എസ്.ഡി. കോളുകളാണെന്നാണ് തെളിഞ്ഞിരിക്കുന്നത്. ഇത് രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന പ്രശ്നമാണ്. ലോകത്തിന്റെ ഏത് കോണിലേക്കും മൊബൈൽ ഫോണിന്റെ സഹായമില്ലാതെ വിളിക്കാൻ കഴിയുന്ന സാറ്റലൈറ്റ് ഫോൺ ഉപയോഗിച്ച് കേരളത്തിലെ മൂന്ന് ജയിലുകളിൽനിന്നും വിദേശരാജ്യങ്ങളിലേക്ക് നിരന്തരമായി വിളിച്ചിരിക്കുന്നുവെന്നാണ് ജയിൽ എ.ഡി.ജി.പി.-യുടെ റിപ്പോർട്ടിലുള്ളത്. കേരള ഹൈക്കോടതി, സെക്രട്ടേറിയറ്റ്, കേരള നിയമസഭ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഷിപ്പ്യാർഡുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, സിനിമാ തിയേറ്ററുകൾ മുതലായവ തീവ്രവാദികൾ ആക്രമിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രങ്ങളാണെന്ന് ഈ റിപ്പോർട്ടിലും ദേശീയ അന്വേഷണ ഏജൻസി റിപ്പോർട്ടിലും വ്യക്തമാക്കുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സ്ഫോടനങ്ങളുടെ ബുദ്ധികേന്ദ്രം കേരളത്തിലെ ജയിലുകളാണെന്ന് സംശയിക്കുന്ന രൂപത്തിലുള്ള റിപ്പോർട്ടുകൾ ദേശീയ അന്വേഷണ ഏജൻസി പുറത്തുവിട്ടിട്ടുണ്ട്. പെറ്റിക്കേസ്സുകളിൽ പ്രതിയായി ജയിലിനുള്ളിലേക്ക് നുഴഞ്ഞുകയറുകയെന്നതാണ് തീവ്രവാദികൾ അവലംബിച്ചിരിക്കുന്ന മാർഗ്ഗം. സ്ക്രൈബ് പോലുള്ള ഇന്റർനെറ്റ് പ്രോഗ്രാമുകളുടെ സഹായത്തോടുകൂടി ടെലിഫോൺ ചെയ്താൽ എവിടെ നിന്നാണ് ഫോൺ ചെയ്തതെന്നുള്ള വിവരം ആർക്കും അറിയാൻ കഴിയില്ല. ഇത് അത്യന്തം ഭീതിജനകമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്. സായുധ പോലീസിന്റെ സഹായത്തോടെ കേരളത്തിലെ ജയിലുകളെ മൊബൈൽ ഫോൺ വിമുക്തമാക്കാൻ രണ്ടാഴ്ചയിലൊരിക്കൽ റെയ്ഡുകൾ സംഘടിപ്പിക്കണമെന്നും ഡൽഹി, മുംബൈ, ഹൈദരാബാദ് തുടങ്ങിയ മെട്രോ നഗരങ്ങളിലെ സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട കണ്ണികളെക്കുറിച്ചും

റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. മൊബൈൽ ഫോണുകൾ ജയിലിനുള്ളിലേക്ക് എത്തുന്ന സാഹചര്യത്തെക്കുറിച്ച് പഠനവിധേയമാക്കേണ്ടതാണ്. അന്താരാഷ്ട്രബന്ധവും കോടിക്കണക്കിന് രൂപ തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് മുടക്കാൻ തയ്യാറുമുള്ള കേന്ദ്രങ്ങളെക്കുറിച്ച് ഇന്റലിജൻസ് ബ്യൂറോ, റോ, എൻ.ഐ.എ. തുടങ്ങിയ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് അന്വേഷണം നടത്താൻ അടിയന്തര നടപടി കൈക്കൊള്ളണം. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 11-10-2011-ലാണ് എ.ഡി.ജി.പി. ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ചുവെന്ന ആരോപണത്തെത്തുടർന്ന് നടത്തിയ റെയ്ഡിൽ 29 മൊബൈൽ ഫോണുകൾ ജയിലിൽനിന്ന് പിടിച്ചെടുക്കുകയുണ്ടായി. ജയിലുകളിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതുവഴി തീവ്രവാദപ്രവർത്തനങ്ങൾ നടക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. പിടിച്ചെടുത്ത ഫോണുകളിൽനിന്നുള്ള ഒരു വർഷത്തെ കോളുകൾ പരിശോധനാ വിധേയമാക്കിയപ്പോൾ വിവിധ രാജ്യങ്ങളിലേക്ക് വിളിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സിം കാർഡുകൾ മാറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മൊബൈൽ ടവറുകൾ കൂടി പരിശോധിച്ചാൽ മാത്രമേ ഇതിന്റെ ഉറവിടം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. തീവ്രവാദ പ്രവർത്തനത്തിന് സാധ്യത കണ്ടെത്തിയ സാഹചര്യത്തിൽ കേന്ദ്ര ഏജൻസികളുടെ സഹായവും തേടുന്നതാണ്. ജയിലുകളിൽ ശക്തമായ പരിശോധന നടത്തുന്നതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജയിലുകളിൽ സ്ഥാപിച്ച

ജാമറുകൾ പ്രവർത്തനരഹിതമാക്കിയതിനെതിരെ നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ജയിലുകളിൽ തടവുകാർക്കിടയിൽ ദേഹപരിശോധനയും റെയ്ഡും അത്യാവശ്യമാണ്. രണ്ടാഴ്ചയിലൊരിക്കൽ റെയ്ഡ് നടത്താനുള്ള അനുമതി വേണമെന്നും അതിനാവശ്യമായ പോലീസിനെ വിട്ടുകൊടുക്കണമെന്നുമുള്ള എ.ഡി.ജി.പി.യുടെ ആവശ്യം സംബന്ധിച്ച ഉത്തരവ് ഇന്നു തന്നെ നൽകുന്നതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ജയിലുകളിൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ജയിൽ വാർഡൻമാരുടെ ഒഴിവുകളിലേക്ക് പോലീസിൽ നിന്ന് ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. സൈബർ സെല്ലിൽ നിന്ന് കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ കേന്ദ്ര ഏജൻസിയുടെ സഹായം തേടിക്കൊണ്ട് എ.ഡി.ജി.പി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടി എടുക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

<u>ശ്രദ്ധക്ഷണിക്കൽ</u>

(1) <u>നെല്ലിന്റെ സംഭരണവില</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: കേന്ദ്ര ഗവൺമെന്റ് രാസവളത്തിന്റെ വില നിയന്ത്രണാധികാരം എടുത്തുകളയുകയും സബ്സിഡി വെട്ടിക്കുറയ്ക്കുകയും ചെയ്തതിന്റെ ഫലമായുണ്ടായ വിലവർദ്ധനവ് നെൽകൃഷി മേഖലയിൽ വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് വാറ്റും സർച്ചാർജും വേണ്ടെന്നുവച്ചെങ്കിലും രാസവളത്തിന്റ വില കുറഞ്ഞിട്ടില്ല. ഡീസലിന്റെ വിലവർദ്ധനവ് ട്രാക്ടറിന്റേയും കൊയ്ത്തു

യന്ത്രത്തിന്റേയും വാടക വർദ്ധിപ്പിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിനുശേഷം ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടായതിനാൽ ആയിരം രൂപ മാത്രമാണ് കൃഷിക്കാരന് ലാഭം കിട്ടുന്നത്. അതുകൊണ്ട് ഒരു കിലോ നെല്ലിന് 21 രൂപയെങ്കിലും തറവില നിശ്ചയിച്ച് സംഭരിക്കുകയോ സബ്സിഡി കൊടുക്കുകയോ ചെയ്തില്ലെങ്കിൽ അവശേഷിക്കുന്ന നെൽകൃഷിയും ഇല്ലാതായി സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ അപകടത്തിലാകും. നെല്ല് കൊയ്താൽ തക്കസമയത്ത് സംഭരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കേന്ദ്രസർക്കാർ 01-04-2010-ൽ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി ഏർപ്പെടുത്തി രാസവളങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള അധികാരം കമ്പനികൾക്ക് നൽകിയതുമുതൽ കേരളത്തിൽ രാസവളത്തിന്റെ വില വർദ്ധിച്ചിരിക്കുകയാണ്. കർഷകർക്ക് ആശ്വാസമരുളുന്നതിനായി രാസവള വിലയിന്മേൽ സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന നാല് ശതമാനം വാറ്റും ഒരു ശതമാനം സർചാർജും ഒഴിവാക്കിയിട്ടുണ്ട്. ഇതുമൂലം 35 കോടി രൂപ റവന്യൂ വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും കർഷകർക്ക് ഈ തീരുമാനം ഏറെ ആശ്വാസപ്രദമാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ട്രാക്ടറുകളുടേയും കൊയ്ത്തുയന്ത്രങ്ങളുടേയും വാടകച്ചെലവ് വർദ്ധിപ്പിച്ചത് നിയന്ത്രിക്കുവാനായി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ കസ്റ്റംസ് ഹയറിംഗ് സെന്റർ ജില്ലാ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റി വഴിയും കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും മിതമായ വാടക ഈടാക്കി കർഷകർക്ക് യന്ത്രങ്ങൾ

നൽകിവരുന്നു. വിലവർദ്ധനവിന് ആനുപാതികമായി സംഭരണ വില ഉയർത്തി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിവിധ ജില്ലകളിൽ നെല്ല് സംഭരിക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വഴിയും നെൽകൃഷി ആനുകൂല്യങ്ങൾ നൽകിവരുന്നു. പുതിയ പദ്ധതി പ്രകാരം പഞ്ചായത്ത്-ഗ്രാമവികസന-കൃഷി വകുപ്പുകൾ ചേർന്ന് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകി നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനും സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും നെല്ല് സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആവശ്യമായ കേന്ദ്രങ്ങളിൽ കുടുതൽ വെയർഹൗസുകൾ പണിയാനും നെല്ല് സംഭരിച്ച് സൂക്ഷിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

**(2) <u>വിദ്യാർത്ഥികൾക്കിടയിലെ അഭിലഷണീയമല്ലാത്ത പ്രവണതകൾ</u>**

<u>ശ്രീ. പി.കെ. ബഷീർ</u>: കേരളത്തിൽ സ്കൂൾ കുട്ടികൾ എവിടെയും പീഡിപ്പിക്കപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. സ്കൂൾ കുട്ടികൾക്ക് ബ്ലൂഫിലിമിന്റെ ക്ലിപ്പിംഗ്സുകളും കഞ്ചാവുൾപ്പെടെയുള്ള ലഹരിമരുന്നും നൽകുന്ന മാഫിയാസംഘങ്ങൾ ചില സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കുട്ടികളിൽ ലഹരിമരുന്ന് ഉപയോഗിക്കുന്നവരുടേയും മദ്യപിച്ച് സ്കൂളിൽ എത്തുന്നവരുടെയും എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. മൊബൈൽ ഫോണിന്റെ ഉപയോഗവും ചില മാതാപിതാക്കളും ക്രിമിനൽ സ്വഭാവമുള്ള അദ്ധ്യാപകരും കുട്ടികളെ വഴിതെറ്റിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണം നൽകാനുള്ള സംവിധാനമുണ്ടാക്കണം. കുട്ടികളുടെ ഇടയിൽ ലഹരി

മരുന്ന്-മദ്യമാഫിയയുടെ പ്രവർത്തനവും ലൈംഗിക ചൂഷണവും തടയാൻ അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): കക്ഷി രാഷ്ട്രീയ ഭേദമെന്യേ സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ 2010 ഒക്ടോബർ-നവംബർ മാസങ്ങളിലെ കണക്ക് പരിശോധിച്ചപ്പോൾ 62 സ്കൂൾ കുട്ടികൾ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതായി കണ്ടെത്തുകയുണ്ടായി. കുടുംബങ്ങളുടെ സാമ്പത്തിക പശ്ചാത്തലവും ബന്ധങ്ങളുടെ തകർച്ചയും കുറ്റകൃത്യങ്ങൾക്ക് കാരണമാണെന്ന് കണ്ടെത്തി യതിനാൽ സിവിൽ സൊസൈറ്റിയും സിറ്റി പോലീസും സംയുക്തമായി ഒ.ആർ.സി. എന്ന പദ്ധതി കോഴിക്കോട് സിറ്റിയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരിൽ വളർന്നുവരുന്ന കുറ്റവാസന ഇല്ലാതാക്കുന്നതിനും ചൂഷണത്തിനിരയാകുന്നവരെ രക്ഷിക്കുന്നതിനും പരമാവധി സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തണമെന്ന് സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ നടപ്പിലാക്കുകയും പ്രവർത്തനം വിജയകരമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള പൂവാലശല്യം, യാത്രയ്ക്കിടയിലെ ശല്യം മൊബൈൽ ഫോൺവഴിയുള്ള ശല്യം എന്നിവയ്ക്കും ലഹരിവസ്തുക്കളുടെ വ്യാപനത്തിനുമെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലുള്ള അനാശാസ്യ പ്രവണതയും മറ്റ് വിപത്തുകളും തടയുന്നതിന് വിദ്യാലയ ജാഗ്രതാ സമിതികൾ രൂപീകരിക്കാനുള്ള കരടുനിർദ്ദേശവും ലഭിച്ചിട്ടുണ്ട്. എല്ലാ സ്കൂളു

കളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**സബ്മിഷൻ**

**(1) വ്യാജ വാർത്തകളുടെ നിരോധനം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന രഹസ്യ രേഖകളും റിപ്പോർട്ടുകളും അവിടത്തെ വെബ്സൈറ്റുവഴി അനൗദ്യോഗികം എന്ന നിലയിലും മറ്റ് വ്യാജ റിപ്പോർട്ടുകൾ ഇ-മെയിൽ വഴിയും പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കുന്നതായ വാർത്തകളെക്കുറിച്ച് അന്വേഷിച്ച് ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ വീഴ്ചകൾ വന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത് ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**(2) ഫിഷിംഗ് ഹാർബർ നിർമ്മാണം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർക്കാരിന്റെ ഒരു വർഷ പരിപാടിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ താനൂരിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): താനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണപദ്ധതി സംബന്ധിച്ച പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ഒരു വർഷ പരിപാടിയിലുൾപ്പെടുത്തി ഈ വർഷം തന്നെ പദ്ധതി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

### (3) ഓഷനേറിയം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എസ്. ശർമ്മ: പുതുവൈപ്പിനിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നതും 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമായ ഓഷനേറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 ഏക്കർ സ്ഥലത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓഷനേറിയം സ്ഥാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിക്കുവേണ്ടി ആഗോള ടെണ്ടർ ക്ഷണിക്കുകയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതത്വം സംബന്ധിച്ച സാങ്കേതിക നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിയുന്നത്ര വേഗത്തിൽ നിർമ്മാണ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

### (4) ധനലക്ഷ്മി ബാങ്ക്

ഡോ. ടി.എം. തോമസ് ഐസക്: മാനേജുമെന്റിന്റെ കെടുകാര്യസ്ഥതമൂലം തകർച്ചയെ നേരിടുന്ന ധനലക്ഷ്മി ബാങ്ക് നിലനിറുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): ധനലക്ഷ്മി ബാങ്കിന്റെ മേജർ ഷെയർ മുംബൈ ആസ്ഥാനമായ കോർപ്പറേറ്റ് കമ്പനികൾ വാങ്ങിക്കൂട്ടുന്നതായും ബാങ്കിന്റെ പ്രവർത്തനം സംബന്ധിച്ച് വലിയ ആക്ഷേപങ്ങളുള്ളതായും ശ്രദ്ധ

യിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് കൊല്ലത്തെ ധനലക്ഷ്മി ബാങ്കിന്റെ വായ്പാ-നിക്ഷേപാനുപാതം മറ്റു വാണിജ്യബാങ്കുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റിന് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിലൂടെ ഇടപെടാമെന്നല്ലാതെ ബാങ്കിംഗ് മേഖലകളുടെ പ്രവത്തനങ്ങളിലോ മാനേജുമെന്റിലോ ഇടപെടാൻ സാദ്ധ്യമല്ല. റിസർവ് ബാങ്കിന്റെയും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തി ബാങ്ക് നില നിറുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(5) മാസ്റ്റർ പ്ലാൻ**

ശ്രീ. ഷാഫി പറമ്പിൽ: 1986-ൽ സർക്കാർ അംഗീകരിച്ച പാലക്കാട് നഗരസഭയുടെ മാസ്റ്റർ പ്ലാൻ കാലോചിതമായി പരിഷ്ക്കരിക്കുന്ന നടപടികൾ വൈകുന്നതുമൂലം പാലക്കാട് മുനിസിപ്പാലിറ്റി പ്രദേശത്തെ റെസിഡൻഷ്യൽ ഏരിയയിൽ ഉൾപ്പെടെ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് ലഭിക്കുന്നതിനും മറ്റുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വെറ്റ് ലാന്റ് കൺസർവേഷൻ ആക്ട് ലോജിക് പരിശോധിക്കാതെ പാസ്സാക്കിയതുമൂലമുള്ള ബുദ്ധിമുട്ടാണുണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

**(6) നീന്തൽക്കുള സമുച്ചയ നിർമ്മാണം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: 1987-ൽ നിർമ്മാണമാരംഭിച്ച തൃശൂർ നീന്തൽക്കുള സമുച്ചയത്തിന്റെ പണി ഒരു വർഷത്തെ വികസന പരിപാടി

യിൽപ്പെടുത്തി പൂർത്തീകരിച്ച് മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ പേരിൽ നാമകരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): നീന്തൽക്കുള സമുച്ചയവും സ്പോർട്ട്സ് ഹോസ്റ്റലും സ്പോർട്ട്സ് ഡിപ്പാർട്ടുമെന്റിലേക്ക് തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എ.എസ്. ലഭിക്കുന്ന മുറയ്ക്ക് കുളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതാണ്. പ്രസ്തുത നീന്തൽക്കുളം നവീകരിച്ച് റീഓപ്പൺ ചെയ്യുമ്പോൾ കെ.കരുണാകരന്റെ പേര് നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

## (7) റെയിൽവേ മേൽപ്പാലം

ശ്രീ. കെ. രാധാകൃഷ്ണൻ : വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം റെയിൽവേ പുനരാരംഭിച്ചിട്ടുണ്ട്. റെയിൽവേയിൽനിന്നും ലഭിച്ച ഉറപ്പ് അനുസരിച്ച് മേൽപ്പാലത്തിന്റെ നിർമ്മാണം മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാകും. മേൽപ്പാലം പൂർത്തീകരിച്ച് രണ്ട് മാസത്തിനകം അപ്രോച്ച് റോഡ് ഉൾപ്പെടെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ മറ്റ് പണികൾ പൂർത്തീകരിച്ച് മേൽപ്പാലം ഗതാഗതയോഗ്യമാക്കാൻ കഴിയുന്നതാണ്.

## (8) ടോൾ പിരിവ് നിർത്തലാക്കൽ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : തൃശ്ശൂർ ചേറ്റുവ പാലത്തിലെ ചട്ട വിരുദ്ധമായ ടോൾ പിരിവ് നിറുത്തലാക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : 1997 -ലെ ദേശീയ പാത വിജ്ഞാപനപ്രകാരം ദേശീയ പാതകളിലെ പാലങ്ങളിൽനിന്ന് നിരന്തരമായി ടോൾ പിരിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന് ഈ പാല ത്തിലെ ടോൾ പിരിവ് നിർത്തലാക്കാൻ നിർവ്വാഹമില്ല.

## (9) ചമ്രവട്ടം റിവർവാലി ടൂറിസം പദ്ധതി

ഡോ. കെ.ടി. ജലീൽ : ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഒരു ഭാഗത്ത് ബോട്ട് ജെട്ടിയും മറുഭാഗത്ത് പാത്ത്‌വേയും ചുരുങ്ങിയ ചെലവിൽ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രോജക്ട് 'നിള സംരക്ഷണ പദ്ധതിയിൽ' ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ആവശ്യമായ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകു പ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജുമായി ബന്ധപ്പെട്ട പുഴയോര നടപ്പാതയും ബോട്ട് ജെട്ടിയുമൊക്കെ അടങ്ങുന്ന 'നിള മാസ്റ്റർ പ്ലാൻ' തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ കിട്ടിയാലുടൻ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കും. പദ്ധതിയുടെ എസ്റ്റിമേറ്റ് ലഭ്യമായാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) പട്ടയങ്ങളിലെ മുദ്രണം

ശ്രീ. എം. പി. വിൻസെന്റ് : പട്ടയങ്ങളിൽ 'സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും' എന്ന് സീൽ വച്ചതിനെത്തുടർന്ന് ഒല്ലൂർ നിയോജകമണ്ഡലത്തിലെ നിരവധിപേർക്ക് ബാങ്കുകളിൽനിന്നും വായ്പ എടുക്കാനോ ഭൂമി കൈമാറ്റം ചെയ്യാനോ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 28588.159 ഹെക്ടർ സ്ഥലത്ത് '1993 -ലെ കേരള ഭൂപതിവ് സാധൂകരിക്കൽ നിയമം' അനുസരിച്ച് പ്രത്യേക ചട്ടപ്രകാരം പട്ടയം കൊടുത്തെങ്കിലും 'നേച്ചർ ലവേഴ്സ് മൂവ്മെന്റ്' ഇതിനെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തതിനാൽ 16-11-2009-ലെ റവന്യു ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൻപ്രകാരം 'സുപ്രീം കോടതിയുടെ വിധിക്ക് വിധേയമായി' എന്ന മുദ്രണത്തോടുകൂടി പട്ടയം നൽകാൻ തീരുമാനിച്ചെങ്കിലും പിന്നീട് അത് ഒഴിവാക്കി കൊടുക്കാൻ തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പട്ടയങ്ങളിലെ പ്രസ്തുത മുദ്രണം ഒഴിവാക്കി ഇപ്പോൾ പട്ടയം നൽകിവരികയാണ്.

### (11) താലൂക്ക് രൂപീകരണം

ശ്രീ. ബി. ഡി. ദേവസ്സി: നിലവിലുള്ള മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമായി ഒരു പുതിയ താലൂക്ക് രൂപീകരിക്കുന്നതിനും പരിയാരം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു പുതിയ റവന്യൂ വില്ലേജ് രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2007-ൽ ഉണ്ടാക്കിയ താലൂക്ക് വിഭജനത്തിന്റെ കരട് ലിസ്റ്റിൽ പ്രയോറിറ്റി നമ്പർ 10 ആയി മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് രൂപീകരിക്കുന്നതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ജനസംഖ്യ, ഭൂ വിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ്

പുതിയ താലൂക്ക് രൂപീകരിക്കുന്നത് എന്നതിനാൽ ഇപ്പോൾ കൃത്യമായി അഭിപ്രായം പറയാൻ കഴിയുകയില്ല.

### (12) കുളപ്പാടം പ്രദേശത്തെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് താലൂക്കിലെ കുമരമ്പത്തൂർ വില്ലേജിൽ കുളപ്പാടം പ്രദേശത്തെ  ഇരുന്നൂറോളം വരുന്ന കർഷകരുടെ കൈവശഭൂമിക്കുമേലുള്ള അനധികൃത വിലക്കുകൾ നീക്കാൻ  ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കിയശേഷം അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

### (13) ആശുപത്രികളിൽ വെന്റിലേറ്റർ സൗകര്യം

ശ്രീ. സി. എഫ്. തോമസ്:  സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും മതിയായ വെന്റിലേറ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്ന പ്രത്യേക വിഭാഗം സ്ഥാപിച്ച് വെന്റിലേറ്റർ ആവശ്യമുള്ള എല്ലാ രോഗികൾക്കും അത് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിൽ വയനാട് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലേയും പ്രധാന ജില്ലാ ആശുപത്രികളിൽ വെന്റിലേറ്റർ സൗകര്യം ലഭ്യമാണ്.  വയനാട് ജില്ലയിൽ രണ്ട് താലൂക്ക് ആശുപത്രികളിൽ വെന്റിലേറ്റർ ലഭ്യമാക്കിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം പ്രകാരം ജനറലാ

ശുപത്രി-തിരുവനന്തപുരം, ജില്ലാ ആശുപത്രി-കോട്ടയം, കൊല്ലം, പാലക്കാട് താലൂക്ക് ആശുപത്രി-ഒറ്റപ്പാലം-മണ്ണാർക്കാട്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി-കോഴിക്കോട് - എന്നിവിടങ്ങളിൽ ഓരോ വെന്റിലേറ്റർ വീതം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## (14) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 116 കിടക്കകളും 11 ഡോക്ടർമാരുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിസിൻ, സർജറി, കൺസൽട്ടന്റ് വിഭാഗങ്ങളിലെ ഒഴിവുള്ള തസ്തികകളിൽ രണ്ട് ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. വഴി അർബൻ ഇമ്മ്യൂണൈസേഷൻ ഫീവർ ക്ലിനിക്കൽ സ്റ്റാഫിന്റേയും പാരാ മെഡിക്കൽ സ്റ്റാഫിന്റേയും എക്സ്റേ ടെക്നീഷ്യന്റേയും നിയമനം നടത്തിയിട്ടുണ്ട്. ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും എക്സ്റേ യൂണിറ്റ് നവീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. മെറ്റേണിറ്റി വാർഡ്, ഓപ്പറേഷൻ തിയേറ്റർ, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഐ.സി.യു. എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിലെ ആനക്കയം പി.എച്ച്.സി. യിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ട്. മറ്റ് പി.എച്ച്.സി. കളിൽ

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും അധിക തസ്തിക സൃഷ്ടിക്കുകയും ചെയ്യുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

## (15) ഗ്രീൻ ചാനൽ സംവിധാനം

ശ്രീ. ബെന്നി ബെഹനാൻ: എസ്.എസ്.എൽ.സി. ബുക്കിൽ വരുന്ന തിരുത്തലുകൾ തീർപ്പാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് ഒരു ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജനനത്തീയതിയിലും മറ്റും തിരുത്തലുകൾ വരുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രത്യേക അപേക്ഷാഫോറം നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ സഹിതം യഥാവിധി സമർപ്പിക്കേണ്ടതായിട്ടുണ്ട്. 18-06-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഗണ്യമായി ലഘൂകരിച്ചതിനാൽ അപേക്ഷകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 2001-ന് ശേഷം പരീക്ഷ എഴുതിയ കുട്ടികളുടെ എസ്.എസ്.എൽ.സി. ബുക്കിൽ വരുന്ന തിരുത്തലുകൾക്ക് ഗ്രീൻ ചാനൽ സംവിധാനം ആലോചിക്കാവുന്നതാണ്. ഇതിലേക്കാവശ്യമായ ജീവനക്കാർ, ഭൗതീക സൗകര്യം, പ്രത്യേക ഫീസ് ഈടാക്കൽ മുതലായവ നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (16) ഐ.എച്ച്.ആർ.ഡി.-യിലെ ക്രമക്കേടുകൾ

ശ്രീ. പി.സി. വിഷ്ണുനാഥ്: ഐ.എച്ച്.ആർ.ഡി.-യുമായും ഐ.എച്ച്.ആർ.ഡി. യുടെ മോഡൽ ഫിനിഷിംഗ് സ്ക്കൂളുമായും ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച സി.എ.ജി. യുടേയും സംസ്ഥാന ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തി

ൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്ക ണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഐ.എച്ച്. ആർ.ഡി. യിലെ ക്രമക്കേടുകൾ സംബന്ധിച്ച രണ്ട് റിപ്പോർട്ടുകളും സർക്കാ രിന് ലഭിച്ചിട്ടുണ്ട്. ഗവേണിംഗ് ബോഡി കൂടി ആവശ്യമായ തീരുമാനം യഥാ സമയം എടുക്കാതെയാണ് കാര്യങ്ങൾ നീക്കിയിട്ടുള്ളതെന്നും നടപടികൾ പൂർത്തീകരിക്കാതെയാണ് ടെന്റർ നൽകിയിട്ടുള്ളതെന്നും ചട്ടങ്ങൾ പാലി ക്കാതെ ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാ നത്തിൽ ശക്തമായ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്. അതിനുവേണ്ടി മുഖ്യമന്ത്രിക്ക് ഈ റിപ്പോർട്ടുകൾ കൈമാറിയിട്ടുണ്ട്.

### (17) കടൽവെള്ളത്തിൽനിന്നുള്ള കുടിവെള്ള ഉത്പാദനം

ശ്രീമതി ജമീലാ പ്രകാശം : തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷ മായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഐ.ഡി.ഇ. സാങ്കേതിക വിദ്യ ഉപയോഗിച്ച് കടൽ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനാവശ്യ മായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കടൽവെള്ളം ശുദ്ധീ കരിക്കുന്നതിന് റിവേഴ്സ് ഓസ്മോസിസ്, തെർമൽ സെപ്പറേഷൻ പ്രോസസ് എന്നിവ ഉപയോഗിക്കുന്നുണ്ടെങ്കിലും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് താരതമ്യേന ചെലവേറിയ പ്രക്രിയയായതിനാൽ അവ നിരുത്സാഹപ്പെടുത്തുന്നുണ്ട്. എന്നാൽ മറ്റ് യാതൊരു വിധ ജലസ്രോതസ്സുക ളുമില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളത്തിനും പാചക ആവശ്യത്തിനും

വേണ്ടി മാത്രമായി സ്റ്റാന്റ് എലോൺ കടൽവെള്ള ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

### (18) ശുദ്ധജല വിതരണം

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കാലപ്പഴക്കംചെന്ന ജലവിതരണ പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കോഴിക്കോട് നഗരത്തിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ടാങ്കർ ലോറികൾ ഉപയോഗിച്ച് ജലവിതരണം നടത്തുകയും മൂഴിക്കൽ, പുളിക്കടവ് ജലശുദ്ധീകരണ ശാലകളിൽ റോവാട്ടർ പമ്പ്സെറ്റും ക്ലീൻ വാട്ടർ പമ്പ്സെറ്റും മാറ്റിവയ്ക്കുന്നതിനുള്ള ടെന്റർ പരിശോധിച്ച് എത്രയുംവേഗം അനുമതി നൽകുകയും ചെയ്യുന്നതാണ്. 'ജിക്കാ' പദ്ധതിയിൽ ഉൾപ്പെടുത്തി പുളിമാട്, കുറ്റിക്കാട്ടൂർ എന്നീ പമ്പ് ഹൗസുകളിലെ പമ്പ് സെറ്റുകളും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളും മാറ്റി സ്ഥാപിക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സാർക്ക് പദ്ധതിയിലുൾപ്പെടുത്തി നഗരത്തിലെ കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

### (19) എം.സി. റോഡിനെ അപകടരഹിത മേഖലയാക്കൽ

ശ്രീമതി പി. അയിഷാ പോറ്റി : എം.സി. റോഡിൽ ആവശ്യമായ സ്ഥലങ്ങളിൽ ഡിവൈഡറുകളും സൂചനാ ബോർഡുകളും സ്ഥാപിച്ച് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പല സ്ഥലങ്ങളിലും റോഡ് സൈനേജും ഹമ്പുകളും റമ്പ് സ്ട്രിപ്പുകളും വശങ്ങളിൽ ട്രാഫിക് ബാരിയേഴ്സും സ്ഥാപിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഫണ്ട് അനുവദിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് ഈ മേഖലയിൽ ഇന്റർസെപ്റ്ററുകൾ ഉപയോഗിക്കുന്നതിനും സ്പീഡ് ക്യാമറകൾ സ്ഥിരമായി സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

### (20) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കാനും ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. പ്രസ്തുത ഡിപ്പോ സന്ദർശിക്കാൻ വകുപ്പുമന്ത്രി തയ്യാറാകണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 54 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. നിലവിലുള്ള 56 ബസ്സുകളിൽ പകുതിയിലധികവും 10 വർഷത്തോളം പഴക്കമുള്ളവയാണ്. ഒരു ബസ് 14 വർഷം കാലാവധി

കഴിഞ്ഞതിനാൽ സ്ക്രാപ്പ് ചെയ്യുന്നതിനായി മാറ്റിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നതിനാൽ ഡ്രൈവർമാരുടെ കുറവും സർവ്വീസ് ക്യാൻസലേഷനും ഉണ്ടാകുന്നില്ല. സൗകര്യപ്രദമായ സ്ഥലം ലഭിച്ചാൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. താമരശ്ശേരിയിൽനിന്നും കൊയിലാണ്ടിവഴി പെരിന്തൽമണ്ണയ്ക്ക് അഞ്ച് ചെയിൻ സർവ്വീസും പൂണൂർ-ആരാമ്പ്രം വഴി കോഴിക്കോട്ടേക്ക് ഒരു ഓർഡിനറി സർവ്വീസും ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി താമര ശ്ശേരി ഡിപ്പോയ്ക്ക് ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡിപ്പോയിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് സ്ഥലം സന്ദർശിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തുവച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) **2011-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ**

ശ്രീ. പാലോട് രവി : 2011-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : പ്രമേയം തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. പാലോട് രവി : പ്രാദേശിക മേഖലയിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകർ പത്രത്തിനും പത്രസ്ഥാപനത്തിനുംവേണ്ടി ആജീവനാന്തം പ്രവർത്തിക്കുന്നവരാണ്. ഒരു അത്യാഹിതമുണ്ടായാൽ ഓടിയെത്തുന്ന പ്രാദേശിക മേഖലകളിൽ ജോലിചെയ്യുന്ന പത്രപ്രവർത്തകർക്ക് പെൻഷൻപോലും നൽകുന്നില്ല എന്നത് ഖേദകരമാണ്. പല പത്രസ്ഥാപനങ്ങളും പ്രാദേശിക ലേഖകർക്ക് നിയമന ഉത്തരവ് നൽകാറില്ല. 6 മാസത്തേക്കുള്ള എഴുത്തുകൂലി അടിസ്ഥാനത്തിലുള്ള രേഖ മാത്രമാണ് നൽകുന്നത്. പത്ര സ്ഥാപനങ്ങൾ നേരിട്ട് നൽകുന്ന ഐഡന്റിറ്റികാർഡുപോലും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പലർക്കുമില്ല എന്നത് അപമാനകരമാണ്. പ്രാദേശിക പത്ര-ദൃശ്യമാധ്യമരംഗത്ത് ജോലി ചെയ്യുന്നവർക്ക് സംരക്ഷണം നൽകണം. മാധ്യമ മേഖലയിലെ വേതന പരിഷ്ക്കരണത്തിനായി കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന വേജ് ബോർഡ് സംവിധാനം ഇല്ലാതാക്കാൻ ഉത്തരേന്ത്യൻ ലോബി കിണഞ്ഞുശ്രമിക്കുമ്പോഴും കേരള പത്രപവർത്തക യൂണിയൻ പോലുള്ള സജീവ സംഘടനകൾ രംഗത്തുള്ളതുകൊണ്ടാണ് ഒരു പരിധിവരെ അതിനെ ചെറുക്കാൻ കഴിയുന്നത്. രാജ്യവ്യാപ

കമായി പത്രപ്രവർത്തക സംഘടനകൾ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. Working Journalists and other Newspaper Employees and Miscellaneous Provisions ആക്ടിന്റെ പരിധിയിൽ വർക്കിംഗ് ജേർണലിസ്റ്റുകളെ നിർവ്വചിക്കുകയും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് അനുസരിച്ച് പത്രസ്ഥാപനത്തിലെ മുഴുവൻ-ഭാഗിക സമയപ്രവർത്തകരും ആനുകൂല്യങ്ങൾക്ക് അർഹരാണെന്നും പറഞ്ഞിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിലായി നിലവിൽ വന്ന വേജ് ബോർഡുകളുടെ റിപ്പോർട്ടുകളിൽ പാർട്ട്ടൈം പത്രപ്രവർത്തകരുടെ പങ്കിനെ പ്രശംസിക്കുകയും സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ചർച്ച തുടരും)

## (2) 2011-ലെ കേരള നദീ സംരക്ഷണ അതോറിറ്റി ബിൽ

ശ്രീ. ആർ. സെൽവരാജ് : 2011-ലെ കേരള നദീ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ബിൽ ചർച്ച ചെയ്യുന്നതിന് തടസ്സമില്ല.

ശ്രീ. ആർ. സെൽവരാജ് : നദികളുടെ സംരക്ഷണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേന വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും അവയുടെ സംരക്ഷണം നിയമപരമായി ഉറപ്പാക്കുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കണമെന്നുള്ളതാണ് ബില്ലിന്റെ ഉദ്ദേശം. മലിനീകരണത്തിൽനിന്ന് നദികളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുംവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച

പദ്ധതികൾ ശാസ്ത്രീയമായി നടപ്പാക്കുന്നതിനുവേണ്ടി അതോറിറ്റി രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൃഷിക്കും ശുദ്ധജല വിതരണത്തിനും നദികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് പലപ്പോഴും നദികളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കാതെ ചില പ്രത്യേക മേഖലകളിൽ വിനിയോഗിക്കപ്പെടുന്നുവെന്നത് യാഥാർത്ഥ്യമാണ്. നദികളുടെ ബണ്ടുകളും കൽപ്പടവുകളും തകരുന്ന സ്ഥലത്ത് അവ പുനർനിർമ്മിക്കാൻ ഫണ്ട് യഥാവിധി ഉപയോഗിക്കപ്പെടുന്നില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഈ ബിൽ തത്വത്തിൽ അംഗീകരിക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് നദികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യക്ഷമായും-പരോക്ഷമായും ഉപയോഗിക്കുന്നുണ്ടെങ്കിലും നദികളുടെ യഥാർത്ഥത്തിലുള്ള സംരക്ഷണത്തിനുകൂടി ഈ തുക വിനിയോഗിക്കേണ്ടതാണ്.

ശ്രീ. ആർ. സെൽവരാജ് : നദികളെ വൃത്തിയായി സംരക്ഷിക്കുന്നതിനും നദീജലം പരമാവധി മനുഷ്യജീവിതത്തിനുതകുന്ന രൂപത്തിൽ വിനിയോഗിക്കുന്നതിനും അത്യന്താപേക്ഷിതമായതിനാൽ ഇത് പാസ്സാക്കേണ്ടതാണ്.

(ചർച്ച തുടരും)

## (iii) 2011-ലെ കേരള സംസ്ഥാന പത്ര ഏജന്റുമാരുടെയും വിതരണക്കാരുടെയും ക്ഷേമനിധി ബിൽ

ശ്രീ. ആർ. സെൽവരാജ്: 2011-ലെ കേരള സംസ്ഥാന പത്ര ഏജന്റുമാരുടെയും വിതരണക്കാരുടെയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പത്ര ഏജന്റുമാരേയും വിതരണക്കാരേയും കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ ബിൽ ഇവിടെ ചർച്ച ചെയ്യുന്നതിന് തടസ്സമില്ല.

ശ്രീ. ആർ. സെൽവരാജ്: സംസ്ഥാനത്തെ പത്ര ഏജന്റുമാരുടെയും വിതരണക്കാരുടെയും ക്ഷേമത്തിനും പെൻഷൻ ലഭ്യമാക്കുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കണം. പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ഇന്ന് യാതൊരു സുരക്ഷിതത്വവുമില്ല. ജീവിതച്ചെലവ് ഉയരുന്നതിനനുസരിച്ച് ഇവർക്ക് കമ്മീഷനിൽ വർദ്ധനവ് ലഭിക്കുന്നില്ല. പത്ര ഏജന്റുമാരുടേയും വിതരണക്കാരുടേയും ജീവിത സംരക്ഷണത്തിന് ഉതകുന്ന രീതിയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും അവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യുന്നതിന് ഈ ബിൽ പാസ്സാക്കണം.

(ചർച്ച തുടരും)

## (iv) 2011-ലെ കേരള വൃദ്ധജന സംരക്ഷണ കമ്മീഷൻ ബിൽ

ശ്രീ. ബെന്നി ബെഹനാൻ: 2011-ലെ കേരള വൃദ്ധജന സംരക്ഷണ കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 15 വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന 154 വൃദ്ധസദനങ്ങളും

ഉണ്ട്. നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവർക്കും രോഗം ഭേദമായശേഷം ആരും സംരക്ഷിക്കാനില്ലാതെ ആശുപത്രിയിൽ കഴിയുന്ന വൃദ്ധർ ഉൾപ്പെടെയുള്ളവർക്കും സംരക്ഷണം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ഡിവിഷനിലും ആർ.ഡി.ഒ. അദ്ധ്യക്ഷനായി മെയിന്റനൻസ് ട്രിബ്യൂണലുകളും ജില്ലകൾതോറും കളക്ടർ അദ്ധ്യക്ഷനായി അപ്പലേറ്റ് ട്രിബ്യൂണലുകളും വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന വിധത്തിൽ പരാതികൾ പരിഹരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുന്ന വൃദ്ധ സദനങ്ങൾക്കും ഡേകെയർ സെന്ററുകൾക്കും ആവർത്തനച്ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. സർക്കാർ പ്രഖ്യാപിച്ച വയോജന നയത്തിലെ വിവിധ ക്ഷേമ പദ്ധതികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ എന്നീ സേവനങ്ങളോടെ വയോമിത്രം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും പരസ്പരപൂരകമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വൃദ്ധജന സംരക്ഷണ കമ്മീഷൻ രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല. കാലക്രമത്തിൽ അത്തരം ഒരാവശ്യം ഉരുത്തിരിഞ്ഞുവരുന്ന സന്ദർഭത്തിൽ സർക്കാർ ഇതിനെക്കുറിച്ച് ആലോചിക്കും. ഇപ്പോൾ ഇത് നിരാകരിക്കേണ്ടതാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സംസ്ഥാനത്ത് അറുപത് വയസ്സ് പൂർത്തിയായ മുപ്പത്തിയഞ്ച് ലക്ഷത്തോളം വൃദ്ധജനങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടി

ട്ടുണ്ട്. അവകാശികളാൽ അവഗണിക്കപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും നിയമപരമായ സംരക്ഷണം ഉറപ്പുവരുത്തുന്ന തിനും ഒരു പ്രത്യേക കമ്മീഷൻ ആവശ്യമാണ്. കേരളത്തിൽ രോഗികളും അശരണരുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതി കൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രതിവർഷം ഇരുപത് കോടി യോളം രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും സംരക്ഷണം ലഭിക്കാത്ത വൃദ്ധജന ങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. ബന്ധങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന സമൂഹത്തിൽ ഇത്തരം ഒരു ബിൽ അനിവാര്യമാണ്.

(ചർച്ച തുടരും)

## V. 2011-ലെ കേരള വേമ്പനാട്ട് കായൽ സംരക്ഷണ അതോറിറ്റി ബിൽ

ശ്രീ. ബെന്നി ബെഹനാൻ: 2011-ലെ കേരള വേമ്പനാട്ട് കായൽ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്ത് 28-04-2011-ൽ 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡി നൻസ്' പുറപ്പെടുവിച്ചു. ഇതിൽ റിവർ ബേസിൻ ബോർഡ്, സ്റ്റേറ്റ് റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡ് എന്നിവ രൂപവൽക്കരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഓരോ നദികൾക്കും റിവർ ബേസിൻ ബോർഡും ഓരോ വെറ്റ് ലാന്റിനും വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡും രൂപീകരിക്കാനും ഉദ്ദേശി

ക്കുന്നുണ്ട്. ആ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ ഓരോ കായലും സംരക്ഷിക്കാനുള്ള വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കാൻ കഴിയും. അനൗദ്യോഗിക ബില്ലിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുതകൾ ഗവൺമെന്റ് ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇപ്പോൾ ഈ ബിൽ പരിഗണിക്കേണ്ട ആവശ്യമില്ല.

ശ്രീ. ബെന്നി ബെഹനാൻ: കേരളത്തിലെ ജൈവസമ്പത്തിന്റെ കലവറ യായ വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനും കയ്യേറ്റം, മലിനീകരണം, നശീകരണപ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും നിയമപരമായ സംരക്ഷണം ആവശ്യമാണ്. കേരളത്തിലെ ഏറ്റവും വലിയ ജലാശയമായ വേമ്പനാട്ട് കായലിനെ സംരക്ഷിക്കേണ്ടതാണ്.

(ചർച്ച തുടരും)

## ( vi) 2011-ലെ കേരള സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപനങ്ങൾ രജിസ്റ്ററാക്കൽ ബിൽ

ശ്രീ. സാജു പോൾ: 2011-ലെ കേരള സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപനങ്ങൾ രജിസ്റ്ററാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി തോമസ്: പ്രമേയത്തെ പിൻതാങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2011-ലെ കേരള സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപനങ്ങൾ രജിസ്റ്ററാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം തത്വത്തിൽ അംഗീകരിക്കാവുന്നതാണ്.

ശ്രീ. സാജു പോൾ: 1860-ലെ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമവും 1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്ര ധർമ്മ സംഘങ്ങൾ

രജിസ്റ്ററാക്കൽ നിയമവും അനുസരിച്ചാണ് ഇപ്പോഴും നാട്ടിൻപുറങ്ങളിലെ പൗരസമിതികളും ആർട്ട്സ് ആന്റ് സ്പോർട്ടസ് ക്ലബ്ബുകളും കർഷക സംഘടനകളും രജിസ്റ്റർ ചെയ്യുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾക്ക് യാതൊരു പരിഗണനയും നൽകുന്നില്ല. അതുകൊണ്ട് ഈ നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഗവൺമെന്റിന്റെ പരിഗണനയിലുള്ളതും സംസ്ഥാനത്തൊട്ടാകെ പ്രാബല്യത്തിൽ വരുന്നതുമായ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൽ സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപനങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

## (vii) **2011-ലെ കേരള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സമുദായ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് സമ്പൂർണ്ണമായി വികലാംഗർക്ക് സംവരണം ചെയ്യൽ ബിൽ**

ശ്രീ.സാജു പോൾ: 2011-ലെ കേരള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സമുദായ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് സമ്പൂർണ്ണമായി വികലാംഗർക്ക് സംവരണം ചെയ്യൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : ഈ ബില്ലിന്റെ ആവശ്യമില്ല. അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നില്ല.

ശ്രീ. സാജുപോൾ: കേരളത്തിൽ 20 ലക്ഷം വികലാംഗരുണ്ട്. വികലാംഗർക്കുള്ള മൂന്നുശതമാനം സംവരണം ലഭിക്കുന്നില്ല. സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികകൾ പൂർണ്ണമായും വികലാംഗർക്ക് മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : സ്പെഷ്യൽ റൂൾസിൽ ചില തസ്തികകളുടെ യോഗ്യതയിൽ കായികക്ഷമതയും കാഴ്ചശക്തിയും ആവശ്യമാണെന്ന മാനദണ്ഡമുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ മൂന്നുശതമാനം സീറ്റ് വികലാംഗർക്ക് സംവരണം ചെയ്തിട്ടുണ്ട്. ഈ തസ്തികയിലെ ബാക്ക്ലോഗ് നികത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

## (viii) 2011-ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ

ശ്രീ. എം. ഹംസ: 2011-ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി തോമസ്: പ്രമേയത്തെ പിൻതാങ്ങുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2011-ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. എം. ഹംസ: സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും യാതൊരു നിയമവും ഇപ്പോൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഈ നിയമം കേരളത്തിന് അനിവാര്യമാണ്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തത്വത്തിൽ പ്രമേയത്തെ അംഗീകരിക്കുന്നു.

(ചർച്ച തുടരും)

## (ix) 2011-ലെ കേരള നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബിൽ

ശ്രീ. എം. ഹംസ: 2011-ലെ കേരള നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: പ്രമേയത്തെ പിൻതാങ്ങുന്നു:

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2011-ലെ കേരള നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നില്ല. ഈ ബില്ലിന്റെ അവശ്യമില്ല.

(ചർച്ച തുടരും)

## (x) 2011-ലെ കേരള ഭാഗിക തൊഴിൽ പ്രോത്സാഹനവും ഹാജർ ഇളവും ബിൽ

ശ്രീ. ഹൈബി ഈഡൻ: 2011-ലെ കേരള ഭാഗിക തൊഴിൽ പ്രോത്സാഹനവും ഹാജർ ഇളവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നില്ല.

ശ്രീ. ഹൈബി ഈഡൻ: ആഗോളതലത്തിൽ അംഗീകാരം നേടിക്കഴിഞ്ഞ ഗാന്ധിയൻ ചിന്തയുടെ ഭാഗമായി കൊണ്ടുവന്ന ബിൽ ആണിത്.

(ചർച്ച തുടരും)

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച പരിഗണനയ്ക്കെടുത്തില്ല.

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

**@@@@**